**ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത**

**ഇടയലേഖനം 17**

**ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രുപതാ ഗ്രാൻഡ് മിഷൻ 2023**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ തന്റെ രൂപതയിലെ വൈദികർക്കും മ്ശംശാനാമാർക്കും സന്യാസി നീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

കർത്താവായ ഈശോയുടെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുവിൻ (2 തിമോ. 4;8,2 പത്രോ. 3;12)

തിരുവചമനുസരിച്ച് "എല്ലാ ജനതകളുടേയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടും. അതിനുശേഷം അന്ത്യം ആഗതമാകും" (മത്താ 24;14). പത്രോസ് ശ്ലീഹാ ദൈവത്തിന്റെ ആഗമനദിനത്തെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുവാൻ വിശ്വാസികളോട് ആവശ്യപ്പെടുന്നു(2 പത്രോ 3;12). കർത്താവിന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും നീതിയുടെ കിരീടം കർത്താവു സമ്മാനിക്കും എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു (1 തിമോ 1:3). സുവിശേഷവത്ക്കരണത്തിനും ദൈവരാജ്യത്തിന്റെ വ്യാപനത്തിനും "കർത്താവായ ഈശോയേ വരണമേ" (വെളി. 22:20). എന്നു പ്രാർത്ഥിച്ചുകൊണ്ട് കർത്താവിന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കുവാനും ത്വരിതപ്പെടുത്തുവാനുമാണ് തിരുസഭ നിലനില്ക്കുന്നത്. ഈ ദൗത്യങ്ങളിൽ പങ്കുചേരുക എന്നത് മാമോദീസ സ്വീകരിച്ച ഓരോ വിശ്വാസിയുടെയും പ്രഥമവും വിശുദ്ധവുമായ ഉത്തരവാദിത്വമാണ് (Ad Gentes 6;29). ക്രിസ്ത്യാനി ആയിരിക്കുകയും സുവിശേഷം പ്രസംഗിക്കാതിരിക്കുകയും ചെയ്യുക എന്നത് വലിയ വൈരുദ്ധ്യമാണ്. 'രക്ഷന്റെ മിഷൻ' എന്ന ചാക്രികലേഖനത്തിൽ വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ പാപ്പ ഇപ്രകാരം തറപ്പിച്ചു പറയുന്നു, "സുവിശേഷവൽക്കരണം മിശിഹായുമായുള്ള നമ്മുടെ വിശ്വാസത്തിന്റെയും നമ്മോടുള്ള അവന്റെ സ്നേഹത്തിന്റെയും കൃത്യമായ അടയാളമാണ്."

സുവിശേഷവൽക്കരണം വെറും മാനുഷിക പ്രവൃത്തിയല്ല, ദൈവത്തിന്റെ പ്രവൃത്തിയാണ്. സ്വർഗ്ഗത്തിൽ നിന്നയയ്ക്കപ്പെട്ട റൂഹാദ്ക്കുദ്ശാ വഴി സുവിശേഷ പ്രസംഗകർ ഈശോയെ പ്രഘോഷിക്കുന്നു (പത്രോ. 1:12). ലോകാരൂപിയിൽ ജീവിക്കുന്ന ആർക്കും ദൈവപുത്രരാകാനോ സ്വർഗ്ഗത്തിൽ നിന്നുള്ള റൂഹാദ്ക്കുദ്ശായെ സ്വീകരിക്കാനോ സുവിശേഷകനാകാനോ സാധിക്കുകയില്ല( യോഹ14:17). ലൗകിക ജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വക്കുന്നവർ എല്ലാ മനുഷ്യരേക്കാൾ നിർഭാഗ്യരാണ് (കൊറി. 15:19). മാമോദീ

സായിലൂടെയാണ് ഓരോ വ്യക്തിയും മിശിഹായോട് ചേർക്കപ്പെടുന്നത്. സുവിശേഷം കേട്ട് മാനസാന്തരപ്പെട്ടവരാണ് മാമോദീസ സ്വീകരിച്ചിരുന്നത്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു മാമോദീസാ സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും." (മർക്കോ 16:15 -16) "പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും ഈശോ മിശിഹായുടെ നാമത്തിൽ മാമോദീസാ സ്വീകരിക്കുവിൻ. റൂഹാദ്ക്കുദ്ശായുടെ ദാനം നിങ്ങൾക്കും ലഭിക്കും" (അപ്പ. പ്ര. 2:38). മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിക്കുന്നവർക്കാണ് റൂഹാദ്ക്കുദ്ശായെ സ്വീകരിക്കുവാൻ കഴിയുക.

സുവിശേഷവൽക്കരണം ആദ്യം സഭാംഗങ്ങളിലും സഭയിലുമാണ് സംഭവിക്കേണ്ടത്. നമ്മൾ സുവിശേഷവൽക്കരിക്കപ്പെട്ടാൽ ദൈവം നമ്മിലും നമ്മിലൂടെയും പ്രവർത്തിക്കും. " ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന കർത്താവായ ഈശോ വിശ്വാസികളോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്യുന്നു."(മർക്കോ. 16: 19 -20) സുവിശേഷവൽക്കരണം ദൈവത്തോടു കൂടിയുള്ള കൂട്ടുവേലയാണ് (1 കൊറി 3:9 സുവിശേഷശ്രവണത്തിലൂടെയും കൂദാശകളിലൂടെയും മിശിഹായുമായുള്ള ബന്ധത്തിൽ വന്നവർ മിശിഹായിൽ നിലനില്ക്കാനും വളരാനും സാധിക്കണം. അതിനു സഹായകമാകുന്ന നവസുവിശേഷവൽകരണം സഭയുടെ മുഖ്യദൗത്യമാണ്. ബനഡിക്ട് 16-ാമൻ പാപ്പായുടെ വാക്കുകളിൽ നവസുവിശേഷവൽക്കരണം സഭയുടെ പ്രബോധനങ്ങളിൽ അടിസ്ഥാനമിട്ടുകൊണ്ട് യഥാർത്ഥമായ ക്രിസ്തീയ ജീവിതത്തിന്റെ നവീകരണമാണ്. കാരണം ക്രിസ്തീയ വിശ്വാസം മാംസം ധരിച്ച വചനമായ ഈശോയിൽ അധിഷ്ഠിതമാണ്. അപ്രകാരം വചനമായ ഈശോയെ കുടുതൽ ആഴത്തിൽ അറിയുവാനും അവനോട് ഒന്നായി, അവനായി (ഈശോ)ത്തീരുവാനും ഉദ്ദേശിച്ചുകൊണ്ടാണ് നമ്മുടെ രൂപതയിൽ ഗ്രാൻഡ് മിഷൻ 2023 ( നോമ്പുകാല വാർഷികധ്യാനം) ക്രമീകരിച്ചിരിക്കുന്നത്. പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ ഡോ ആന്റണി ചുണ്ടെലിക്കാട്ട്, സിഞ്ചെല്ലൂസ് വെരി റവ ഫാ ജോർജ് ചേലക്കൽ, ഇവാഞ്ചലൈസേഷൻ കമ്മീഷൻ ചെയർപേഴസൺ റവ സി ആൻ മരിയ എസ് എച്ച് (Mob. 07737302377, Email. evangelisation@csmegb.org) എന്നിവർ നേതൃത്വം നല്കുന്ന കമ്മിറ്റിയാണ് ഗ്രാൻഡ് മിഷൻ 2023 കോർഡിനേറ്റു ചെയ്യുന്നത്. വചന പ്രഘോഷണ മേഖലയിൽ പ്രമുഖരായ വൈദികരാണ് നമ്മുടെ ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനുകളിൽ ധ്യാനം നയിക്കാൻ എത്തുന്നത്. വാർഷികധ്യാനം ഫലപ്രദമാക്കാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ, ഓരോ സ്ഥലത്തും നടക്കുന്ന ധ്യാനത്തിന്റെ തീയതികൾ 2022 നവംബർ 1-ാം തീയതി തന്നെ അറിയിച്ചിരുന്നല്ലോ.ഓരോ ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനിലെ സീറോമലബാർ വിശ്വാസികൾ എല്ലാവരും അവരവരുടെ സ്ഥലങ്ങളിൽ നടക്കുന്ന വാർഷികധ്യാനത്തിൽ പങ്കെടുക്കുവാൻ അവധിയടക്കമുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ വേണ്ടിയാണ് നേരത്തെതന്നെ തീയതികൾ അറിയിച്ചിരുന്നത്. നമ്മുടെ രുപതയിലെ എല്ലാ വിശ്വാസികളും പ്രാർത്ഥനാപൂർവ്വം ധ്യാനത്തിൽ സംബന്ധിക്കുകയും അതിലൂടെ നമ്മുടെ ഭവനങ്ങൾ ദൈവസാന്നിധ്യത്തിന്റെ ഇടമാവുകയും വേണം: കുടുംബത്തിലും ജോലിസ്ഥലത്തും സമൂഹത്തിലും സാക്ഷ്യത്തിന്റെ ജീവിതം നയിച്ച് സുവിശേഷ വൽക്കരണത്തിൽ പങ്കുകാരാകാനും എല്ലാവർക്കും കഴിയണം

ഗ്രാൻഡ് മിഷൻ 2023 - ന്റെ വിജയത്തിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ഇടവക/മിഷൻ/ പ്രൊപ്പോസ്ഡ് മിഷന്റെ ചുമതലയുള്ള വൈദികൻ തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ഭവനങ്ങളും ധ്യാനത്തിനും ഈശോയുടെ ഉയിർപ്പിനും ഒരുക്കമായി വെഞ്ചരിക്കുക.
2. ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്കായി ഓരോ ഇടവക/മിഷൻ/ പ്രൊപ്പോസ്ഡ് മിഷനിലും കൈക്കാരന്മാരും പാരീഷ് കൗൺസിൽ പ്രതിനിധികളും ഇവാഞ്ചലൈസേഷൻ ടീമംഗങ്ങളും  ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുക.
3. ധ്യാനത്തിന് ഒരു ജനറൽ കോഓർഡിനേറ്ററേയും ഓരോ യൂണിറ്റിലും ഓരോ കോഓർഡിനേറ്ററേയും തെരഞ്ഞെടുക്കുക.
4. യൂണിറ്റടിസ്ഥാനത്തിൽ കുടുംബകൂട്ടായ്മാഭാരവാഹികൾ 2023 ജനുവരി 30 നകം ഭവനസന്ദർശനം നടത്തി ധ്യാനത്തെപ്പറ്റി അറിയിക്കുകയും എല്ലാ എല്ലാ കുടുംബാംഗങ്ങളേയും ക്ഷണിക്കുകയും ധ്യാനത്തിനായി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
5. ദേവാലയത്തിലും കുടുംബങ്ങളിലും വ്യക്തിപരമായും ധ്യാനം സമർപ്പിച്ച് യാമപ്രാർത്ഥനകളും മറ്റ് മധ്യസ്ഥ പ്രാർത്ഥനകളും നടത്തുക.
6. ഗ്രാൻഡ് മിഷൻ 2023 നു വേണ്ടി നല്കപ്പെട്ടിരിക്കുന്ന കാറോസൂസ എല്ലാ കുർബാനകളിലും ചൊല്ലുകയും എല്ലാ ഞായറാഴ്ചകളിലും ധ്യാനത്തെപ്പറ്റി ഓർമ്മിപ്പിക്കുകയും ചെയ്യുക.
7. വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെയും മറ്റ് സാമൂഹിക മാധ്യമങ്ങളിലൂടെയും വ്യക്തിബന്ധങ്ങൾ വഴിയും ധ്യാനത്തെക്കുറിച്ച് ആവർത്തിച്ച് അറിയിപ്പുകൾ നല്കുക.
8. ഇടവക/മിഷൻ/ പ്രൊപ്പോസ്ഡ് മിഷൻ തലത്തിൽ ഏകദിന ഒരുക്ക ശുശ്രൂഷകളും ഉപവാസ പ്രാർത്ഥനകളും ധ്യാനത്തിന് മുന്നോടിയായി ക്രമീകരിക്കുക.
9. അതതു കുടുംബക്കൂട്ടായ്മാതിർത്തിയിൽ പുതുതായി വന്നുചേർന്നിരിക്കുന്ന കുടുംബങ്ങളേയും വ്യക്തികളേയും ഇതുവരെ കൂട്ടായ്മയുടെ ഭാഗമായിട്ടില്ലാത്തവരേയും ഭാരവാഹികൾ കണ്ടെത്തുകയും ധ്യാനത്തിലേക്കു ക്ഷണിക്കുകയും ചെയ്യുക.
10. ധ്യാനത്തിൽ പങ്കെടുക്കാൻ തടസ്സങ്ങൾ ഉള്ളവർക്കുവേണ്ടി ത്യാഗമനോഭാവത്തോടെ  പ്രത്യേക മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ധ്യാനത്തിൽ സംബന്ധിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും  ചെയ്യുക .
11. ഇടവക/മിഷൻ/ പ്രൊപ്പോസ്ഡ് മിഷനിൽ സുവിശേഷവൽക്കരണത്തോടു ആഭിമുഖ്യമുള്ള എല്ലാ കുടുംബങ്ങളെയും വ്യക്തികളേയുംകണ്ടെത്തുകയും ഇവാഞ്ചലൈസേഷൻ ടീമിനോട് ചേർത്ത് പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിച്ച് ധ്യാനത്തിന്റെയും മറ്റു സുവിശേഷവൽക്കരണ ശുശ്രൂഷകളുടെയും വിജയത്തിനായി പ്രവർപ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും  ചെയ്യുക.
12. കുട്ടികൾക്കായി പ്രത്യേക ധ്യാന ശുശ്രൂഷകൾ ക്രമീകരിക്കുക.

13. അതതു ഇടവക/മിഷൻ/ പ്രൊപ്പോസ്ഡ് മിഷനിൽ വരുന്ന ധ്യാന ഗുരുവുമായി ആലോചിച്ച് ഗാനശുശ്രൂഷ ക്രമീകരിക്കുക.
14. ഗ്രാൻഡ് മിഷന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങൾ കോർഡിനേറ്റിംഗ് കമ്മിറ്റി അറിയിക്കുന്നതാണ്.

Year of Liturgy യിൽ നടക്കുന്ന ഗ്രാൻഡ് മിഷൻ 2023 കർത്താവായാ ഈശോയുടെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കാനും ത്വരിതപ്പെടുത്തുവാനുമുള്ള ദൈവാനുഗ്രഹത്തിന്റെയും കൃപയുടെയും അവസരമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2023 ജനുവരി 23 ന് മുമ്പായി ഈ ഇടയലേഖനം വായിക്കേണ്ടതാണ്.